2663
14/9/18

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല - കാലാവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായം - അധിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ. (ആർ.റ്റി) നമ്പർ: 3620/2018/റവ.** **തിരുവനന്തപുരം, തീയതി : 01.09.2018**

പരാമർശം : 1. 16.08.2018 ലെ സ.ഉ.(കൈ) നം.13/2018/ദു.നി.വ.
2. 24.08.2018 ലെ സ.ഉ.(കൈ) നം.314/2018/റവ.
3. കണ്ണൂർ ജില്ലാ കളക്ടറുടെ 31.08.2018 ലെ DC KNR 4125/2018/DM1 നമ്പർ കത്ത്.

**ഉത്തരവ്**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് 14 ജില്ലകളിലെ 3,91,494 കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ 242.73 കോടി രൂപ ആശ്വാസ ധനസഹായം അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

2. പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലയിലെ 120 കുടുംബങ്ങൾക്കായി അനുവദിച്ച 7,44,000/- രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും, 31 കുടുംബങ്ങൾക്കും കൂടി ആശ്വാസ ധനസഹായത്തിന് അർഹതയുണ്ടെന്നും അതിനാൽ തുക അനുവദിച്ച് നൽകണമെന്ന പരാമർശം (3) ലെ കണ്ണൂർ ജില്ലാ കളക്ടറുടെ ശുപാർശ പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആയതിലേയ്ക്കായി **1,92,200/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ്) രൂപ** കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **1,92,200/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ഗീത എൽ**
**സ്പെഷ്യൽ സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎസ്സിന്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ / സി) വകുപ്പ്
ദുരന്ത നിവാരണ (എ / ബി) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

T. [signature]

**സെക്ഷൻ ഓഫീസർ**